**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.3272/1/2023/Election തീയതി: 03.07.2023

**<u>വിജ്ഞാപനം</u>**

വിഷയം: മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ ജനറൽ കൗൺസിൽ 2022-2023 പുനഃസംഘടിപ്പിച്ചത് - സംബന്ധിച്ച്

സൂചന: സർവ്വകലാശാലാ ആക്ക്റ്റ് 1985 അദ്ധ്യായം 3, 10 (17) ൽ നൽകുന്ന അധികാരം ഉപയോഗിച്ച് ബഹു. വൈസ് ചാൻസലറുടെ 21.06.23 ലെ ഉത്തരവ്.

കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച 19.02.2022 ലെ സർവ്വകലാശാല റഗുലേഷൻ പാർട്ട് B, 1 പ്രകാരം സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകൾ, സർവ്വകലാശാല പഠന വകുപ്പുകൾ എന്നിവയിൽ നിന്നും 2022 അധ്യയന വർഷത്തിൽ സർവ്വകലാശാലാ യൂണിയൻ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ട്, 2022-2023 കാലഘട്ടത്തിലെ സർവ്വകലാശാലാ യൂണിയൻ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിച്ചുകൊണ്ടും, പ്രൊഫോർമകൾ നാളിതുവരെ സമർപ്പിക്കാത്ത വിദ്യാർത്ഥിപ്രതിനിധികൾ നിശ്ചിത സമയ പരിധിക്കകം ആയത് സമർപ്പിക്കുന്ന പക്ഷം അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജനറൽ കൗൺസിൽ വിപുലീകരിക്കുന്നതിനുള്ള അനുമതി നൽകിയും, സർവ്വകലാശാലാ ആക്ക്റ്റ് 1985 അദ്ധ്യായം 3.10.(17) ൽ നൽകുന്ന അധികാരം ഉപയോഗിച്ച് 21.06.2023 ന ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ജനറൽ കൗൺസിൽ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി ഈ വിജ്ഞാപന തീയതി മുതൽ ഒരു വർഷം അല്ലെങ്കിൽ അടുത്ത ജനറൽ കൗൺസിൽ പുനഃസംഘടന, ഇവയിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെയായിരിക്കും. ജനറൽ കൗൺസിൽ അംഗങ്ങളുടെ വിവരങ്ങൾ അടങ്ങിയ പ്രാഥമിക പട്ടികയിൽ ഭേദഗതികൾ വേണ്ട പക്ഷം സർവ്വകലാശാലാ യൂണിയൻ 2022-2023 ന്റെ തെരഞ്ഞെടുപ്പ് വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയ പരിധിക്കകം പരാതികൾ സർവ്വകലാശാലാ രജിസ്ട്രാറേയോ/ വരണാധികാരിയെയോ രേഖാമൂലം അറിയിക്കാവുന്നതാണ്.

**ഡോ. അരവിന്ദകുമാർ സി റ്റി**
വൈസ് ചാൻസിലർ

പകർപ്പ്:

1. വി.സി/ പിവിസി എന്നിവരുടെ പേർസണൽ സെക്രട്ടറിമാർ .
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. ഡി എസ് എസ്.
4. പി ആർ ഒ /കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ
5. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി .

Draft #10 of File 3272/1/2023/Election Approved by VICE CHANCELLOR on 03-Jul-2023 05:15 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം